**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 526 — 03.03.2020-ലെ മറുപടിയ്ക്ക്

## സ്പോർട്സ് താരങ്ങൾക്ക് സർക്കാർ ജോലി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്പോർട്സ് താരങ്ങൾക്കാണ് സർക്കാർ സർവ്വീസിൽ ജോലി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ.സി.കെ.വിനീതിന് സെക്രട്ടറിയേറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ സി.കെ.രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.<br>ആഭ്യന്തര വകുപ്പിൽ 65 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികളുടെ ഭാഗമായി 195 കായികതാരങ്ങൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.<br>കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ.പി.കെ.യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.<br>2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനു വേണ്ടി മികച്ച പ്രകടനം കാഴ്ച വച്ചത് |

| | | | |
|---|---|---|---|
| | | | കണക്കിലെടുത്ത് ശ്രീ.ഷൈബൻ.ഇ.ബിയ്ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവു വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്.ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.<br>35-ാമത് ദേശീയ ഗെയിംസിൽ വെള്ളിമെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് നിയമനം നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരം ജോലി നൽകുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ? | (ബി) | നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം സ്പോർട്സ് ക്വാട്ടയിൽ സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്നതിന് ചുവടെ പറയും പ്രകാരമുള്ള നേട്ടങ്ങൾ കൈവരിച്ചിരിക്കണം.<br>1) അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിമ്പിക്സ്, ലോകകപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് എന്നിവയിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ഭാരതത്തെ പ്രതിനിധാനം ചെയ്ത ടീമിലെ അംഗമായിരിക്കുകയും വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളാകുകയും ചെയ്തവർ<br>2) രാജ്യത്തെ പ്രതിനിധാനം ചെയ്ത് മുകളിൽ |

| | | | |
|---|---|---|---|
| | | | പറഞ്ഞ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ<br>3) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ പങ്കെടുത്ത് ഒന്നോ രണ്ടോ മൂന്നോ സ്ഥാനം നേടി വിജയികളായ കേരള സംസ്ഥാന ടീമിലെ അംഗങ്ങൾ<br>4) മൗണ്ടനീയറിംഗ്, കളരിപ്പയറ്റ് എന്നീ കായിക ഇനങ്ങളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾ നടത്തുന്ന സീനിയർ സംസ്ഥാന മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നാം സ്ഥാനം നേടി വിജയികളായവർ.<br>കേന്ദ്ര സർക്കാരിലോ സംസ്ഥാന സർക്കാരിലോ പ്രസ്തുത സർക്കാരിലെ പൊതുമേഖലാ സ്ഥാപനങ്ങളിലോ സ്പോർട്സ് ക്വാട്ടാ നിയമനം ലഭിച്ചവർ വീണ്ടും അപേക്ഷിക്കാൻ അർഹരല്ല. ഉത്തേജക മരുന്നുകളുടെ ഉപയോഗത്തിന്റെ പേരിൽ ശിക്ഷണ നടപടിക്ക് വിധേയരായവരോ കളികളിൽ നിന്നും വിലക്ക് കൽപ്പിക്കപ്പെട്ടവരോ ആയ കായിക താരങ്ങളും സ്പോർട്സ് ക്വാട്ടാ നിയമനത്തിന് അർഹരല്ല. കൂടാതെ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സ്പോർട്സ് ക്വാട്ടാ നിയമനം നടത്തുന്നത്. ഇതു കൂടാതെ ദേശീയ/അന്തർദേശീയ മത്സരങ്ങളിൽ മികച്ച വിജയം കൈവരിക്കുന്ന കായിക താരങ്ങൾക്ക് മേൽ മാനദണ്ഡങ്ങൾക്ക് അതീതമായി പ്രത്യേക കേസായി പരിഗണിച്ചും നിയമനം നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**